# ബി എച്ച് എസ്സ് തേവലക്കര

# സൃഷ്ടി 2018-19



## ഉള്ളടക്കം

ആശംസ ....................................3
എഡിറ്റോറിയൽ....................................4
സ്കൂൾ ലഘു ചരിത്രം....................................5
....................................6
ജീവനെടുത്ത പ്രളയജലം....................................6
അഴിമതി....................................7
വിദ്യ....................................8
....................................9
....................................9
സ്വർണ്ണമീനും കാക്കയും....................................9
ഞാൻ കണ്ട മഴ....................................10
മീശക്കാരൻ കേശവൻ....................................11
വിൽക്കാത്ത മുത്തുമാല....................................12
മൂളിപ്പാറും ഈച്ച!....................................13
അക്കരയിക്കര....................................14
വള്ളംകളി....................................15
....................................16
....................................16
ചില സംഗീത ഉപകരണങ്ങൾ....................................16
ഗിറ്റാർ....................................17
വീണ....................................18
വയലിൻ....................................19
കടംകഥകൾ....................................20
2017 -18 SSLC പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും A + നേടിയവർ....................................21
....................................22
പഴംചൊല്ലുകൾ....................................22

# ആശംസ ....

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതാണ് 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ .നമ്മുടെ സ്കൂളിലെ ലിറ്റൽ കൈറ്റ്സ് അംഗംങ്ങൾ തയ്യാറാക്കിയ ഈ സ്കൂൾ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു

**റ്റി .ഇന്ദിരാ ഭായ്**
**ഹെഡ്മിസ്ട്രസ്**

# എഡിറ്റോറിയൽ

നൂതന സങ്കേതിക വിദ്യാ ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുകയാണ് ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യം . സങ്കേതികവിദ്യ ഗുണപരവും , സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതാണ് കുട്ടികളുടെക്കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്'. സങ്കേതികരംഗത്തെ വിവിധ നൈപുണികൾ പരിശീലിച്ച ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സംഭാവനയാണ് ഈ സ്കൂൾ മാഗസിൻ . അന്വേഷണാത്മകവും സർഗ്ഗാത്മകവുമായ സ്കൂൾ തല പ്രവർത്തനങ്ങളിലൂടെ വൈദധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും എന്ന പ്രതീക്ഷയോടെ ഈ മാഗസിൻ ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു .

# സ്കൂൾ ലഘു ചരിത്രം

കൊല്ലം ജില്ലയിൽ ,കുന്നത്തൂർ താലൂക്കിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽ കോവൂർ 12ാംവാർഡിൽ അതിപുരാതനവും അതിപ്രശസ്തവുമായ സരസ്വതി ക്ഷേത്രമാണ് തേവലക്കര ബോയ്സ് ഹൈസ്കൂൾ. ചവറ - അടൂർ ദേശിയപാതയിൽ തോപ്പിൽ മുക്കിൽനിന്നും 200 മീറ്റർ പടിഞ്ഞാറു ആണ് ഈ സ്കൂൾ സ്ഥിതിചെയുന്നത്. തേവലക്കര , മൈനാഗപ്പള്ളി , പടിഞ്ഞാറെ കല്ലട , മൺട്രോത്തുരുത്ത് എന്നീ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് പഠിക്കാനും ജീവിതത്തിന്റ നാനാതുറകളിൽ വ്യക്തിമുദ്ര പതിപ്പിക്കാനും നിർണ്ണായക സ്വാധീനം വഹിച്ചിട്ടുണ്ട് ഈ സ്കൂൾ .

ഈ നാലു പഞ്ചായത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ജനകീയ സമിതി ഭരണസാരഥ്യം വഹിക്കപ്പെടുന്ന .1917 ൽ സ്ഥാപിച്ച തേവലക്കര ഇംഗ്ലീഷ് മീഡിയം സ്കൂൾ പിന്നീട് 1949 ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു . ഈ സ്കൂളിൽ പഠിച്ചിരുന്നതിൽ ഒരാളാണ് ബഹുമാന്യനായ ശൂരനാട് കുഞ്ഞൻപിള്ള . 1967 ൽ സ്കൂൾ തേവലക്കര ഗേൾസ് ,തേവലക്കര ബോയ്സ് എന്നിങ്ങനെ വിഭജിക്കുകയുമുണ്ടായി .

# ജീവനെടുത്ത പ്രളയജലം

പ്രളയജലത്തിൽ ആറാടിച്ച
ജന മനസുകളെ ഒന്നായ് നിർത്തി
ജനഹൃദയത്തിന് ജീവനെടുത്ത
പ്രളയജലമിതാ എത്തുന്നു

കൊടുംകാറ്റുകളിൽ നീരാവിയായും
ഇടിമിന്നലുകളിൽ പേമാരിയായും
മഴഹർഷത്തിൽ നിന്നു മുതിർത്തൊരു
പ്രളയജലമിതാ വന്നെത്തി

മാനുഷികതയെ വെല്ലുവിളിച്ച
മലകൾ താണ്ടി മരങ്ങൾ താണ്ടി
പ്രളയജലമിതാ എത്തുമ്പോൾ

പ്രളയജലത്തെ വെല്ലുവിളിച്ച
മാനവരാശികൾ ഒന്നായ് നിന്ന്
കേരള മണ്ണിനെ സംരക്ഷിച്ച
പ്രളയജലത്തെ നേരിട്ടു

**ആദിത്യൻ 9A**

# അഴിമതി

മനുഷ്യൻ  തൻ  ദുരാഗ്രഹം
ഓരോ  ദിവസവും വർധിച്ചുകൊണ്ടിരിക്കുന്നു സന്തതം

കൈകൂലി വാങ്ങുന്നു, അഴിമതി കാട്ടുന്നു,
സർവത്ര തെറ്റുകൾ ചെയ്യുന്നു  മനുഷ്യൻ.

ഓരോ ദിവസവും വർധിച്ച
അഴിമതി ഏറി വരുന്നു ഓരോ നാഴികയും

അഴിമതി ..... അഴിമതി ......
സർവത്ര  അഴിമതി ........
അത്ഭുതംതന്നെ  ഈ
വ്യാജലോകം

അജിൻ ഫിലിപ്പ്
9.D

# വിദ്യ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരും അറിയാതിരിക്കട്ടെ ഈ മറുലോകമെന്നു
കരുതുമ്പോഴും കൂട്ടുതൽ
പാഴ്ജന്മങ്ങൾ

ഇവിടെ പുഴക്കളെ പോലെ
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം
അതാണ് വിദ്യ

അക്ബർഷാ 9E

# സ്വർണ്ണമീനും കാക്കയും

ഒരിക്കൽ ഒരു കുളത്തിൽ ഒരു സ്വർണ്ണമീനുണ്ടായിരുന്നു. അവൻ വലിയ അഹങ്കാരിയായിരുന്നു. അവൻ പറഞ്ഞു:"അയ്യയോ നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല . എന്നാൽ എന്നെ നോക്ക് എന്ത് ഭംഗിയാണെനിക്ക്!" സ്വർണമീൻ എന്നും ഇത് പോലെ പറഞ്ഞ് മറ്റു മീനുകളെ കളിയാക്കും .അങ്ങനെ ഒരു ദിവസം കാക്കച്ചേട്ടൻ അത് വഴി വന്നു കുളത്തിൽ എന്തോ വെട്ടിതിളങ്ങുന്നത് കണ്ടു . കാക്കചേട്ടൻ പറഞ്ഞു :"ഹയ്യട, അത് ഒരു സ്വർണമീനാണല്ലോ !" കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു. കാക്കചേട്ടൻ സ്വർണമീനെ ഒറ്റകൊത്ത് ! ഭാഗ്യത്തിന് സ്വർണമീന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്ത് കൊണ്ടുള്ളൂ ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു .തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ് കാക്കചേട്ടൻ കൊത്താൻ വന്നതെന്ന് മനസ്സിലായി അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു . അവൻ അതോടെ ഒരു നല്ല മീനായി ആ കുളത്തിൽ കഴിഞ്ഞു .

## ഗുണപാഠം :-“ അഹങ്കാരം ആപത്തുണ്ടാക്കും"

ജാസിം 9D

# ഞാൻ കണ്ട മഴ

അമ്മേ ഇതാ ഭൂമിതൻ ചൂടിനെ
തണുപ്പിക്കാൻ കാർമേഘ വിടവിലൂടെ
ചിരിതൂകി പാളിനോക്കി പെയ്യുന്നിതാ ആനന്ദമഴ
വള്ളം ഇറക്കി കളിക്കാൻ കൊതിക്കുമീ മുത്തുമഴ

.

ഷംനാദ് 9E

# മീശക്കാരൻ കേശവൻ

മീശക്കാരൻ കേശവൻ
കീശക്കാരൻ  കേശവൻ
കല്ലിൽഇട്ട ദോശ കണ്ടു
കൊതിപിടിച്ച  കേശവൻ
ആശക്കാരൻ  കേശവൻ
കീശതപ്പി നോക്കവേ
കാലിയായ കീശ കണ്ടു
കലിപിടിച്ചു  കേശവൻ
തട്ടിലിട്ട ദോശ നോക്കി
കൊതിയടക്കി  കേശവൻ

-പ്രജിത്.എസ്സ്
9 c

# വിൽക്കാത്ത മുത്തുമാല

പണ്ട് പണ്ട് .....കടൽത്തീരത്ത് മുത്തുമാല വിൽപ്പനയാണ് രമേശിന്റെ ജോലി. എന്നും അയാൾ ഒരു മാല മാത്രം വിൽക്കാതെ മാറ്റി വയ്ക്കും.ഒരു വലിയ പണക്കാരൻ രമേശിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.ഒരു ദിവസം അയാൾ പറഞ്ഞു: "നിങ്ങളുടെ സ്ഥാനത്ത് ഞാൻ ആയിരുന്നു എങ്കിൽ ആ മാല കൂടി വിറ്റു ലാഭം കൂട്ടുമായിരുന്നു...."

പക്ഷേ, രമേശ് ഒന്നും മിണ്ടിയില്ല.അൽപ്പം കഴിഞ്ഞപ്പോൾ ഒരു അമ്മയും കുട്ടിയും കടൽ കാണാൻ എത്തി . പാവപ്പെട്ടവരാണെന്നു കണ്ടാലേ അറിയാം. വിൽക്കാതെ മാറ്റിവച്ച ആ മാല രമേശ് വില ഒന്നും വാങ്ങാതെ ആ കുട്ടിക്ക് കൊടുത്തു.രമേശ് പണക്കാരനോട് പറഞ്ഞു: "പാവപ്പെട്ട കുഞ്ഞുങ്ങൾ തരുന്ന ആ ചിരിയാണ് എന്റെ ലാഭം..........!

-ശ്രീക്കുട്ടൻ.എസ്സ് 9 c

# മൂളിപ്പാറും ഈച്ച!

മൂളിപ്പാറുംമൊ-
രീച്ചയിതാ,എൻ
മൂക്കിൻ തുമ്പിലിരുന്നു!
മൂക്കൻ തുമ്പിലെ
കോപം മുഴുവൻ
മൂളുമൊരീച്ച തുറന്നു!
മൂക്കിനു ഞാനൊരു
വീക്കുകൊടുത്തു,
മൂക്കു ചതഞ്ഞുപരന്നു!
മൂളിപ്പാറും
വിരുതൻ മറ്റൊരു
മൂക്കും തേടിയകന്നു!

-ശ്രീക്കുട്ടൻ .എസ്സ്
**9 D**

# അക്കരയിക്കര

ഇക്കര നിന്നുകൊണ്ടക്കര കാണുമ്പം
ഇക്കരയേക്കാളക്കര കൊള്ളാം
അക്കരെനിന്നുകൊണ്ടിക്കര കാണുമ്പം
അക്കരെയേക്കാളിക്കരകൊള്ളും
അക്കരയിക്കര ചാടി നടക്കുമ്പം
അക്കരയില്ലവനിക്കരയില്ല

**സനു.വി**
**9B**

# വള്ളംകളി

തുള്ളിച്ചാടിയകുട്ടികളാഹാ
തള്ളിക്കേറീ  വള്ളത്തിൽ
വള്ളപ്പാട്ടുകൾ  പാടിപ്പാടി
വെക്കംവെക്കം  തുഴയുന്ന
തുഴയും  വള്ളം  പെട്ടെന്നയ്യട
അരയന്നംപോൽ  പായുന്ന
അക്കരെയിക്കരെയക്കളിവള്ളം
എത്തിടുമക്കളിയെന്തൊരുമേളം

**അഭിജിത്ത്.ആർ 9E**

# ചില സംഗീത ഉപകരണങ്ങൾ

# ഗിറ്റാർ

പാശ്ചാത്യസംഗീതത്തിലെ ഒരു താന്ത്രിവാദ്യമാണ് ഗിറ്റാർ. പതിനാറാം നൂറ്റാണ്ടിൽ സ്പെയിനിലാണ് ഗിറ്റാറിന്റെ പിറവി.പിന്നീട് യൂറോപ്പിലാകെ പ്രചാരത്തിൽ വന്നു.പതിനെട്ടാം നൂറ്റാണ്ടിലാണ് തന്ത്രികളുടെ എണ്ണം കുറച് ഇന്ന് കാണുന്ന ഗിറ്റാർ രൂപപ്പെടുത്തിയത്.



**ഗോവിന്ദ്**

**6.B**

# വീണ

ഭാരതത്തിലെ പ്രധാന സംഗീത ഉപകാരണങ്ങളിൽ ഒന്നാണ് വീണ. എഴ കമ്പികളാണ് ഇപ്പോഴത്തെ വീണക്കുള്ളത് .ദക്ഷിണ ഇന്ത്യയിലെന്നപോലെ ഉത്തര ഇന്ത്യയിലും വീണക്ക് പ്രചാരമുണ്ട്. കർണാടകസംഗീതത്തിൽ പക്കവാദ്യമായും തനിച്ചും വീണ ഉപയോഗിക്കുന്നു .



സുബിൻ മാത്യു
9.c

# വയലിൻ



ഇറ്റലിയിലാണ് വയലിന്റെ ജന്മദേശം . പക്ഷെ
ഇന്ന് ഇന്ത്യയിലെ കർണാടക സംഗീതത്തിലടക്കം
ഒഴിച്ച് കൂടാനാവാത്ത സംഗീത ഉപകരണമാണിത് .
നാല് കമ്പികളുള്ള വയലിൻ ഒരു വില്ല് ഉപയോഗിച്ചാണ് വായിക്കുന്നത് .
ഇറ്റലിക്കാരനായ ആൻഡ്രിയ അമാറ്റി (1525-1611)ആണ് പ്രശസ്തനായ
ആദ്യ വയലിൻ നിർമാതാവ് .

ഫിഗോ
**9.E**

# കടംകഥകൾ

അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല് - ചിരവ.

ഇറയ്ക്കാത്ത കിണറ്, മേയാത്തപ്പന്തൽ, ഉുക്കാത്ത കടൽ, ആകാശം, മുറ്റം - കടൽതീരം.

അകത്തേക്കു പോകുമ്പോൾ പച്ച. പുറത്തേക്ക് വരുമ്പോൾ ചുവപ്പ് - വെറ്റിലമുറുക്ക്

അമ്മ പരുപര്, മകൾ ഉരുണ്ടുരുണ്ട് - ചക്ക, ചക്കച്ചുള, ചക്കക്കുരു

അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി - മുളയുടെ തലപ്പ്.

ഇരുവരി മുല്ലപ്പൂക്കൾ - പല്ല്.

ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട - കടുകുമണി.

അലൻ
5A

# 2017 -18 SSLC പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും A + നേടിയവർ

| പേര് | രജിസ്റ്റർ നമ്പർ |
|---|---|
| 1.ഡെറി | 597396 |
| 2.സരിൻ സുരേഷ് | 597449 |
| 3.അഭിമന്യു.സ് | 597476 |
| 4.ഏബിതോമസ് | 597477 |
| 5.അമൽ.എ.സ് | 597504 |
| 6.അമൽ നിക്സൺ | 597506 |
| 7.അനന്ദു.എ.ർ | 597507 |
| 8.ഗണേഷ് എം.സ് | 597512 |
| 9.മഹാദേവ് .എം | 597517 |
| 10.റോബിൻ ലോറൻസ് | 597523 |

# പഴംചൊല്ലുകൾ

1. സമ്പത്തുകാലത്ത് തൈപത്തുവച്ചാൽ
ആപത്തുകാലത്ത് കാപത്ത് തിന്നാം.

2. പട്ടീടെവാല് പന്തിരാണ്ട് കൊല്ലം കുഴലിലിട്ടാലും
വളഞ്ഞു തന്നേ ഇരിക്കും.

3.പുകഞ്ഞപുള്ളി പുറത്ത്.

4.അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും.

5.കണ്ടക ശനി കൊണ്ടെ പോകും.

6. ഒരുമ ഉണ്ടേൽ ഒലക്കയിലും കിടക്കാം.

ദേവനന്ദൻ
**5B**